പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2802 07.12.2018 ൽ മറുപടിയ്ക്ക്

മണൽ സംഭരണം

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>അഡ്വ .കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വനം വകുപ്പിന്റെ കീഴിൽ പൊതുജനങ്ങൾക്ക് കെട്ടിടനിർമ്മാണത്തിന് മണൽ സംഭരിച്ച് വിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ് ഇതിന്റെ മാനദണ്ഡം എന്നും ഇത്തരത്തിൽ മണൽ എവിടെനിന്നാണ് സംഭരിക്കുന്നത് എന്നും വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. വനം വകുപ്പിൽ തിരുവനന്തപുരം ഡിവിഷനിൽ കുളത്തൂപ്പുഴ റെയിഞ്ചിലെ ചോഴിയക്കോട്, മിൽപ്പാലം എന്നീ കടവുകളിൽ നിന്ന് മണൽ ശേഖരിച്ച് കൊല്ലം ജില്ലയിലേയും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെയും ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നുണ്ട്. ഇതിന്റെ മാനദണ്ഡങ്ങൾ 26.03.2018 ലെ 153/2018/വനം നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വർഷത്തിൽ എത്ര ക്യൂബിക് മീറ്റർ മണലാണ് ഈ സ്ഥലങ്ങളിൽ നിന്ന് എടുക്കാൻ സാധിക്കുന്നത്; ഈ വർഷം എത്ര മണൽ സംഭരിച്ചിട്ടുണ്ട്; ഇതിൽ എത്ര മണൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു വിശദമാക്കുമോ; | (ബി) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ കടവുകൾ സന്ദർശിച്ച് പരിശോധന നടത്തി നിർദ്ദേശിക്കുന്ന അളവ് മണലാണ് വനസംരക്ഷണ സമിതികൾ വഴി ശേഖരിച്ച് വിതരണം ചെയ്യുന്നത്. 6890 ക്യൂമീ മണൽ ശേഖരിക്കാൻ അനുമതി ലഭിച്ചതിൽ 1794 ക്യൂമീ മണൽ ശേഖരിക്കുകയും 30.11.2018-ാം തീയതി വരെ 1590 ക്യൂമീ മണൽ വിതണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രളയത്തിൽ എല്ലാ നദികളിലും വൻ തോതിൽ മണൽ അടിഞ്ഞ് നദികളുടെ ആഴവും ഒഴുക്കും കുറഞ്ഞിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ മണൽ ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | റാന്നി ഡിവിഷനിലെ പമ്പ ത്രിവേണി ഭാഗത്ത് പ്രളയത്തിൽ മണ്ണ് വന്നിടിഞ്ഞ് നദിയുടെ ഒഴുക്ക് തടസ്സപ്പെട്ടിരുന്നു. മറ്റ് വനമേഖലയിലുള്ള നദികളിൽ പ്രളയത്തിൽ വൻതോതിൽ മണൽ അടിഞ്ഞു കൂടിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പമ്പയിലെ മണൽ ജനങ്ങൾക്ക് ഗുണകരമായ രീതിയിൽ ഉപയോഗിക്കുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | ഇത്തരത്തിൽ സംഭരിക്കുന്ന മണൽ പൊതു വിപണിയിലെ വിലയിൽ നിന്നും താഴ്ത്തി വിതരണം ചെയ്താൽ ജനങ്ങൾ കെട്ടിട നിർമ്മാണാവശ്യത്തിന് മണൽ കൂടുതലായി വാങ്ങുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (ഇ) | ഉണ്ടെങ്കിൽ പ്രളയം മൂലം സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിക്ക് ആശ്വാസമാകുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ എന്നറിയിക്കാമോ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ആഫീസർ

അനുബന്ധം

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കുളത്തൂപ്പുഴ റെയിഞ്ചിന്റെ പരിധിയിലെ കുളത്തൂപ്പുഴയാറിലെ (കല്ലടയാർ) അംഗീകൃത കടവുകളായ ചോഴിയക്കോട്, മിൽപ്പാലം കടവുകളിൽ നിന്നുള്ള മണൽ ശേഖരണം - മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (സി) വകുപ്പ്

ജി.ഒ.(ആർ.റ്റി) നം. 153/2018/വനം — തിരുവനന്തപുരം, തീയതി 26.03.2018

പരാമർശം : 1. ജി.ഒ.(ആർ.റ്റി) നം.456/2017/വനം തീയതി 23.11.2017

2. ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29.11.2017 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) 28.01.2018, 09.03.2018 എന്നീ തീയതികളിലെ ഇ&റ്റിഡബ്ളിയു 3-16864/17 നമ്പർ കത്തുകൾ.

4. തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 10.01.2018, 08.03.2018 എന്നീ തീയതികളിലെ ജി1. 2126/2012 നമ്പർ കത്തുകൾ.

## ഉത്തരവ്

തിരുവനന്തപുരം വനം ഡിവിഷനിൽപ്പെട്ട കുളത്തൂപ്പുഴ റേഞ്ചിലെ അംഗീകൃത കടവുകളിൽ നിന്നും ഗാർഹിക ആവശ്യത്തിനായി മണൽ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരമുള്ള നടപടികുറിപ്പിന്റെ അടിസ്ഥാനത്തിൽ പരാമർശം (3), (4) പ്രകാരം ലഭ്യമാക്കിയ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ച് നിശ്ചയിക്കപ്പെട്ട നിരക്കുകളിൽ സർവ്വീസ് ചാർജ്ജ് 10 ശതമാനമായും ചരക്ക് - സേവന നികുതി (GST) 5 ശതമാനമായും കുറവു വരുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സീനിയറേജ് നിരക്ക്, ചരക്ക് - സേവന നികുതി (GST), മറ്റു നിരക്കുകൾ എന്നിവ സഹിതം 01 m3 (ഒരു ഘനമീറ്റർ) മണൽ 4445/- (നാലായിരത്തി നാന്നൂറ്റി നാൽപ്പത്തി അഞ്ച്) രൂപ നിരക്കിലും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സീനിയറേജ് നിരക്ക്, ചരക്ക് - സേവന നികുതി (GST), മറ്റു നിരക്കുകൾ എന്നിവ സഹിതം 01 m3 (ഒരു ഘനമീറ്റർ) മണൽ 2485/- (രണ്ടായിരത്തി നാന്നൂറ്റി എൺപത്തി അഞ്ച്) രൂപ നിരക്കിലും പുതുക്കി നിശ്ചയിച്ച് നൽകുവാൻ ഉത്തരവാകുന്നു. മണൽ വിപണനം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

1. തിരുവനന്തപുരം വനം ഡിവിഷന്റെ കീഴിൽ കുളത്തൂപ്പുഴ റെയിഞ്ചിൽ മണൽ ശേഖരിച്ച് വിപണനം നടത്തുന്ന യൂണിറ്റിനെ "വനശ്രീ മണൽ ഡിപ്പോ" എന്ന പേരിൽ അറിയപ്പെടുന്നതാണ്.

2. മിൽപ്പാലം, ചോഴിയക്കോട് എന്നീ കടവുകളിൽ നിന്നുമുള്ള ആറ്റുമണൽ ശേഖരണവും, തുടർന്ന് കുളത്തൂപ്പുഴ റെയിഞ്ച് കോമ്പൗണ്ടിലെ ഡമ്പിംഗ് യാഡിൽ എത്തിക്കുന്നത് മിൽപ്പാലം, ചോഴിയക്കോട് എന്നീ വന സംരക്ഷണ സമിതികളാൽ നിർവ്വഹിക്കപ്പെടുന്നതും തുടർന്ന് മണൽ ഡിപ്പോയിൽ നിന്നും യോഗ്യരായ ഉപഭോക്താക്കൾക്ക് മണൽ വിതരണം ചെയ്യുന്നതുമായിരിക്കും.

3. മണലിന്റെ വിപണനം വ്യവസ്ഥകൾക്ക് വിധേയമായി ഗൃഹനിർമ്മാണം, നവീകരണം എന്നീ ആവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

4. മണലിന്റെ ഗുണഭോക്താക്കൾ / അപേക്ഷകർ പൂർണ്ണമായും കൊല്ലം ജില്ലയിലും, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലും ഉൾപ്പെട്ടവരായിരിക്കേണ്ടതും വീട് നിർമ്മിക്കാനുദ്ദേശിക്കുന്നത് മേൽപ്പറഞ്ഞ ഭാഗങ്ങളിലായിരിക്കേണ്ടതുമാണ്. ഗുണഭോക്താക്കൾ വനം വകുപ്പ് നിർദ്ദേശിക്കപ്പെടുന്ന പ്രകാരം ഓൺലൈൻ ആയി അപേക്ഷ കുളത്തൂപ്പുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നൽകേണ്ടതാണ്.

5. അപേക്ഷകർ അപേക്ഷയോടൊപ്പം ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് (കേന്ദ്ര-സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചത്), തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും വാങ്ങിയ കെട്ടിട നിർമ്മാണ അനുമതി, വീടിന്റെ അംഗീകൃത പ്ലാൻ, എൻജിനീയർ സാക്ഷ്യപ്പെടുത്തിയ മണലിന്റെ ആവശ്യകതാ സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈൻ ആയി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

6. ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ വീടിന് സാമ്പത്തിക സഹായം അനുവദിച്ചതുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ച രേഖകളുടെ പകർപ്പുകൂടി 5 ൽ പറഞ്ഞിട്ടുള്ള രേഖകളോടൊപ്പം ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

7. ഓൺലൈൻ ആയി അപേക്ഷിക്കപ്പെടുന്ന അപേക്ഷകന് തൽസമയം രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയും ഭാവിയിലുള്ള അന്വേഷണങ്ങൾക്ക് ഈ രജിസ്റ്റർ നമ്പർ ഉപയോഗിക്കാവുന്നതുമാണ്.

8. ഒരു അപേക്ഷകന് കുറഞ്ഞത് 1 $m^3$ (ഒരു ഘന മീറ്റർ) മണലും പരമാവധി 10 $m^3$ (പത്ത് ഘനമീറ്റർ) മണലും പരിശോധനയുടെ അടിസ്ഥാനത്തിൽ അനുവദിക്കപ്പെടുന്നതാണ്.

9. ഓൺലൈൻ ആയി ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സൂക്ഷ്മ പരിശോധന നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെട്ട് അനുവദനീയമായ അളവിൽ ആറ്റുമണൽ വിതരണം ചെയ്യുന്നതാണ്. (ഈ ജോലികളിൽ ഒരു ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറും രണ്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും, അതാത് മണൽ വി.എസ്.എസ്‌കളിലെ സെക്രട്ടറിമാരും വി.എസ്.എസ്‌കളിലെ രണ്ട് അംഗങ്ങളും റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സഹായിക്കാനായി ഉണ്ടാകും).

10. മണലിന്റെ വിലയും മറ്റ് യഥാവിധി നികുതികളും, മറ്റ് ചാർജ്ജുകളും അപേക്ഷകൻ ഒടുക്കുന്ന മുറയ്ക്ക് മണൽ നീക്കം ചെയ്യുന്നതിനുള്ള പാസ്സ് / അനുമതി കുളത്തൂപ്പുഴ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നൽകുന്നതാണ്. ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവിനത്തിലുള്ള തുക സർവ്വീസ് ചാർജ്ജിനത്തിൽ ശേഖരിച്ചിട്ടുള്ള പണത്തിൽ നിന്നും വഹിക്കുന്നതും ഈ പദ്ധതിയിലൂടെ ലഭിച്ച അറ്റാദായം വി.എസ്.എസുകളും എഫ്.ഡി.എയും തുല്യ വിഹിതമായി വീതിക്കുന്നതും വനസംരക്ഷണ സമിതി വിഹിതം അവരുടെ കോർ ഫണ്ടിലേയ്ക്ക് ഓരോ വർഷത്തിലും നിക്ഷേപിക്കുന്നതുമാണ്. വി.എസ്.എസുകളുടെ പ്രസിഡന്റോ, വി.എസ്.എസുകളിലെ ചുമതലപ്പെടുത്തുന്ന കമ്മിറ്റി മെമ്പറോ മണൽ ശേഖരിക്കുന്നതിനുള്ള കൂലി തൊഴിലാളികൾക്ക് യഥാസമയം വിതരണം ചെയ്യേണ്ടതും ആയതിനുള്ള റിക്കാർഡുകൾ എഴുതി സൂക്ഷിക്കേണ്ടതുമാണ്. തുടർന്ന് വാഹനങ്ങളിൽ നീക്കം ചെയ്യുന്ന മണലിന്റെ അളവ് ബന്ധപ്പെട്ട വനം സ്റ്റാഫുകൾ പരിശോധിച്ച് പാസ്സ് പ്രകാരമുള്ളതാണോ എന്ന് ഉറപ്പ് വരുത്തി അനുമതി നൽകുന്നതാണ്.

11. ഒരു അപേക്ഷകൻ തനിക്ക് അനുവദിച്ച് കിട്ടിയ മണൽ തങ്ങളുടെ ഗാർഹിക ആവശ്യത്തിനല്ലാതെ മറ്റ് വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പക്ഷം അപേക്ഷകന്റെ പെർമിറ്റ് തിരുവനന്തപുരം ഡിവിഷണൽ ഓഫീസർ റദ്ദ് ചെയ്യുന്നതായിരിക്കും.

12. മണൽ ട്രാൻസ്പോർട്ട് ചെയ്യുന്ന വാഹനത്തിന്റെ ഡ്രൈവർ ഗുണഭോക്താവിന് നിർദ്ദിഷ്ട അളവിൽ മണൽ ലഭിച്ചുവെന്നും, വാഹന കൂലി ഇനത്തിൽ ഈടാക്കിയ തുക മിതമായതാണെന്നും തെളിയിക്കുന്ന പത്രം വാങ്ങി ഹാജരാക്കേണ്ടതാണ്. ഇത്തരത്തിൽ സാക്ഷ്യപത്രം ഹാജരാക്കാത്ത വാഹനങ്ങളെ തുടർന്നും മണൽ കയറ്റാൻ അനുവദിക്കുന്നതല്ല. മേൽപ്പറഞ്ഞ രീതിയിൽ ഹാജരാക്കുന്ന സാക്ഷ്യപത്രത്തിലെ ഒപ്പ് അപേക്ഷയുമായി ഒത്തു നോക്കി ബോദ്ധ്യപ്പെടുത്തുന്നതാണ്.

13. മണൽ വില സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ച സീനിയറേജ് നിരക്ക് പ്രകാരം ആയിരിക്കും. ബഹു. എം.എൽ.എ യുടെ പ്രതിനിധി, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, വി.എസ്.എസ്-ന്റെ പ്രസിഡന്റ് / സെക്രട്ടറി പ്രാദേശിക പഞ്ചായത്ത് വാർഡ് മെമ്പർ എന്നിവരടങ്ങുന്ന പ്രാദേശിക മാനേജ്മെന്റ് കമ്മിറ്റി പദ്ധതി നടത്തിപ്പ് സസൂക്ഷമം വീക്ഷിക്കുകയും മണൽ വിപണനം നടത്തുന്നതിനുള്ള സംയോജിത നടപടി സ്വീകരിക്കുന്നതുമായിരിക്കും.

14. കൊല്ലം സതേൺ സർക്കിൾ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ അടങ്ങുന്ന കമ്മിറ്റി പദ്ധതി നടത്തിപ്പ് കൂടെക്കൂടെ വിലയിരുത്തുന്നതും ആവശ്യമെന്നാൽ ഭേദഗതികൾ വരുത്തുന്നതിന് നിർദ്ദേശം നൽകുന്നതുമാണ്.

15. സർക്കാർ ഭവന നിർമ്മാണ പദ്ധതി പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥല പരിമിതിക്കകത്ത് (ചതുരശ്ര അടി) വീട് നിർമ്മിക്കുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമേ സൗജന്യ നിരക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ

16. മണൽ കൈപ്പറ്റുന്ന എ.പി.എൽ, ബി.പി.എൽ വിഭാഗത്തിൽപ്പെട്ട അപേക്ഷകർ വീട് നിർമ്മിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള അനുമതി പത്രം ഹാജരാക്കുകയും ഉടമസ്ഥന്റെ റേഷൻ കാർഡിൽ, ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻ മണൽ കൈപ്പറ്റിയ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

17. മണൽ വിതരണം പൂർണമായും സുതാര്യമാക്കുന്നതിനായി ഓൺ ലൈൻ സംവിധാനമാക്കുന്നതിനാവശ്യമായ സോഫ്റ്റ് വെയർ വനം വകുപ്പ് രൂപകല്പന ചെയ്യേണ്ടതാണ്. സോഫ്റ്റ് വെയർ സജ്ജമാകുന്നത് വരെ നിലവിലെ സംവിധാനം തുടരുന്നതാണ്.

18. വിതരണം നടത്തുന്ന മണലിന്റെ വിശദാംശങ്ങൾ തൊട്ടടുത്ത മാസം തിരുവനന്തപുരം കൊല്ലം ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തിന് ലഭ്യമാക്കേണ്ടതാണ്.

19. സർക്കാരോ, വനം വകുപ്പോ കാലാകാലങ്ങളിൽ മണൽ വിപണനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും ഇക്കാര്യത്തിൽ പരിപൂർണ്ണമായും ബാധകമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. വേണു. വി**
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി & പി.എഫ്.എം), തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എൽ.ആർ), തിരുവനന്തപുരം

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ). കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ആന്റ് എ ആന്റ് ഇ). കേരളം. തിരുവനന്തപുരം
പൊതുഭരണ (ഹൗസിംഗ്) വകുപ്പ്
ധനകാര്യ (ആർ.എം.സി) വകുപ്പ് (19.03.2018 ലെ 509698/ആർ.എം.സി 2/2017/ധന പ്രകാരം)
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ